"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ശ്രീ. അനിൽകുമാർ നല്ലാണിയിൽ, കോങ്ങാൽ, പരവൂർ പി.ഒ.,കൊല്ലം ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം പരവൂർ നഗരസഭയിൽ നിന്നും കൈപറ്റിയ തുകയും പലിശയും തിരികെ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ടും, കരാർ കാലാവധി അവസാനിക്കുന്നതിന് മുൻപ് വീട് കൈമാറിയ നടപടി സാധൂകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.2528/2024/LSGD തീയതി,തിരുവനന്തപുരം, 23-12-2024

---

പരാമർശം:-

1. തദ്ദേശ അദാലത്തിൽ ഡോക്കറ്റ് നമ്പർ PLKLM 30176000028 ആയി പരിഗണിച്ച അപേക്ഷ
2. ശ്രീ.കെ.അനിൽകുമാർ ശ്രീ. ജി.എസ്.ജയലാൽ എം.എൽ.എ. മുഖാന്തരം ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയ്ക്കു സമർപ്പിച്ച നിവേദനം

**<u>ഉത്തരവ്</u>**

ശ്രീ. അനിൽകുമാർ നല്ലാണിയിൽ, കോങ്ങാൽ, പരവൂർ പി.ഒ. ,കൊല്ലം എന്നയാൾക്ക് ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം പരവൂർ നഗരസഭയിൽ നിന്നും ലഭിച്ച വീട് ജീവിത സാഹചര്യങ്ങൾ മൂലം കാലാവധിയ്ക്കു മുൻപ് കൈമാറ്റം ചെയ്യുകയും, കൈപ്പറ്റിയ തുക 18 % പലിശ സഹിതം തിരിച്ചടയ്ക്കാൻ ഓഡിറ്റ് നിർദ്ദേശം ഉണ്ടായെങ്കിലും തിരിച്ചടയ്ക്കാൻ കഴിയാത്തതിനാൽ , ടി തുക തിരികെ അടയ്ക്കുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കുന്നതിന് പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. തുക തിരിച്ചടയ്ക്കാൻ അറിയിപ്പ് നൽകിയിട്ടും തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ അപേക്ഷകനെ നേരിൽ കേട്ടതിൽ തുക തിരിച്ചടയ്ക്കാൻ യാതൊരു നിവൃത്തിയുമില്ലാത്ത അവസ്ഥയാണെന്ന് അദാലത്ത് സമിതിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. രോഗിയായ അപേക്ഷകൻ കൂലിപ്പണിക്ക് പോയി ലഭിക്കുന്ന വരുമാനം നിത്യവൃത്തിക്ക് പോലും തികയില്ലെന്ന അദാലത്ത് സമിതി റിപ്പോർട്ടു പരിഗണിച്ച് ശ്രീ. അനിൽകുമാർ നല്ലാണിയിൽ, കോങ്ങാൽ, പരവൂർ പി.ഒ.,കൊല്ലം ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം പരവൂർ നഗരസഭയിൽ നിന്നും കൈപറ്റിയ തുകയും പലിശയും തിരികെ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ടും, കരാർ കാലാവധി അവസാനിക്കുന്നതിന് മുൻപ് വീട് കൈമാറിയ നടപടി സാധൂകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
സെക്രട്ടറി, പരവൂർ മുനിസിപ്പാലിറ്റി
ശ്രീ. അനിൽകുമാർ നല്ലാണിയിൽ, കോങ്ങാൽ, പരവൂർ പി.ഒ.,കൊല്ലം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba. S. C
Date: 23-12-2024 15:27:25

സെക്ഷൻ ഓഫീസർ